(സി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് എന്ത് തുകയാണ് നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത് ;

(ഡി) പി. ഡബ്ല്യൂ. ഡി. ഡിവിഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഏറ്റെടുത്തിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ ചേർത്തിരുന്ന മറ്റ് ജില്ലാതല റോഡുകൾ, വില്ലേജു റോഡുകൾ എന്നീ വിഭാഗങ്ങളിൽപ്പെട്ട ചില റോഡുകൾ ഏറ്റെടുത്ത് പ്രധാന ജില്ലാതല റോഡുകളായി ഉയർത്തുകയും അവയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഇവയെല്ലാംതന്നെ പ്രധാനപ്പെട്ട റോഡുകളായി (എം. ഡി. ആർ.) ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉള്ളവതന്നെയാണ്. ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ കൂടി കടന്നു പോവുക, ബസ് സർവ്വീസ് ഉണ്ടായിരിക്കുക, 8 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭിക്കുക ഇവയെല്ലാമാണ് പ്രധാന മാനദണ്ഡങ്ങൾ. റോഡുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി ആന്റ് ഡി) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2004-05 സാമ്പത്തിക വർഷത്തിൽ 210.79 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലവൽ ടാക്സ് ഫോഴ്സ് കമ്മിറ്റിയാണ് ഇപ്പോൾ അറ്റകുറ്റപ്പണികളുടെ തുക ഓരോ ഡിവിഷനും അനുവദിച്ചുവരുന്നത്. സബ് ഡിവിഷൻ തലത്തിൽ തുകയൊന്നും അനുവദിക്കാറില്ല. ദേശീയപാതയുടെ കീഴിൽ വരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം നേരിട്ട് തുക അനുവദിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 548.79 ലക്ഷം രൂപ നാളിതുവരെ നൽകിയിട്ടുണ്ട്. ഡിവിഷൻ സബ് ഡിവിഷൻ തലത്തിൽ തുക അനുവദിക്കാറില്ല.

പാഠപുസ്തകങ്ങളുടെ അച്ചടി

*30 [150] ശ്രീ. ടി. കെ. ദേവകുമാർ:

,, ടി. കെ. ബാലൻ:

,, പിരപ്പൻകോട് മുരളി:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) ഈ വർഷത്തെ പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പാഠപുസ്തക വിതരണം എല്ലാ ക്ലാസ്സുകളിലെയും പൂർത്തിയായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാവും എന്നും പറയുമോ;

(സി) ഈ വർഷം എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കേണ്ടിയിരുന്നത്;

(ഡി) ഇവയിൽ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിക്കാൻ ഏൽപ്പിച്ചവ എത്രയെന്നും സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചവ എത്രയെന്നും വ്യക്തമാക്കുമോ :

(ഇ) ഏതെല്ലാം സ്വകാര്യ പ്രസ്സുകളെയാണ് അച്ചടി ജോലി ഏൽപ്പിച്ചിരുന്നത്;

(എഫ്) പാഠപുസ്തകങ്ങളുടെ അച്ചടിക്കു മാത്രമായി രൂപം നൽകിയ ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിക്ക് ഒരു വർഷം എത്ര പാഠപുസ്തകങ്ങൾ അച്ചടിക്കാനുള്ള കഴിവുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ വർഷം അച്ചടിക്കാൻ ഏൽപ്പിച്ച പുസ്തകങ്ങൾ എത്രയെന്ന് അറിയിക്കുമോ;

(ജി) പാഠപുസ്തകങ്ങളുടെ അച്ചടി സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചത് സംബന്ധിച്ച് വ്യാപകമായ ആക്ഷേപം ഉയർന്നു വന്നിട്ടുള്ള സാഹചര്യത്തിൽ ഇത് സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഈ വർഷം ആവശ്യമായി വരുന്ന പാഠപുസ്തകങ്ങളുടെ കണക്ക് കഴിഞ്ഞ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ കണക്കാക്കുകയും അതനുസരിച്ച് ആവശ്യമായ പുസ്തകങ്ങൾ അച്ചടിക്കുന്നതിനുള്ള പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി 2003 ജൂൺ മാസത്തിൽത്തന്നെ നൽകുകയും ചെയ്തു. തുടർന്ന്, സർക്കാർ മേഖലയിലെ അച്ചടിശാലകൾക്ക് സമയബന്ധിതമായി അച്ചടി പൂർത്തിയാക്കുവാൻ കഴിയുന്ന പുസ്തകങ്ങളുടെ എണ്ണം പ്രസ്തുത അച്ചടിശാലകളുടെ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ നിശ്ചയിച്ച് അതിനുശേഷം അച്ചടിയ്ക്കുള്ള ഉത്തരവ് കഴിഞ്ഞ അദ്ധ്യയന വർഷാരംഭത്തിൽ തന്നെ അവർക്കു നൽകി. സർക്കാർ മേഖലയിലുള്ള അച്ചടിശാലകൾക്ക് നൽകിയതു കഴിച്ചുള്ള പാഠപുസ്തകങ്ങളുടെ അച്ചടി സ്വകാര്യ അച്ചടിശാലകൾക്കും നൽകി.

(ബി) 4, 5, 8, 9 എന്നീ ക്ലാസ്സുകളൊഴിച്ച് ബാക്കിയുള്ള എല്ലാ ക്ലാസ്സുകളിലേയ്ക്കുമുള്ള പാഠപുസ്തക വിതരണം ഏതാണ്ട് പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly